## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2851** **18-03-2022 - ൽ മറുപടിയ്ക്ക്**

## ആദിവാസി കോളനികളിലെ ശിശു മരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും നാളിതുവരെ സംസ്ഥാനത്ത് ആകെ എത്ര ആദിവാസി ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | ഏറ്റവും കൂടുതൽ ശിശുമരണങ്ങൾ ഏത് ആദിവാസി കോളനിയിലാന്ന് ഉണ്ടായതെന്ന് അറിയിക്കാമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | വൈദ്യസഹായം ലഭിക്കാത്തതുമൂലവും അമ്മമാരിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവും മൂലമാണ് ശിശുമരണങ്ങൾ സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (സി) | നിലവിലുള്ള ശിശുമരണങ്ങളെല്ലാം തന്നെ പോഷകാഹാരകുറവ് മൂലമോ, വൈദ്യ സഹായം ലഭിക്കാത്തതുമൂലമോ മാത്രം അല്ലെന്നും ജന്മനാലുള്ള അസുഖങ്ങൾ, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം മുതലായ കാരണങ്ങൾ മൂലവും ആണ് സംഭവിച്ചിരിക്കുന്നതെന്ന് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമായേക്കാവുന്നതാണ്. |
| (ഡി) | ആദിവാസി മേഖലയിൽ പോഷകാഹാരം നൽകുന്നതിനും വൈദ്യ സഹായം നൽകുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും നാളിതുവരെ എത്ര തുക നീക്കി വച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ? | (ഡി) | ആദിവാസി മേഖലയിൽ പോഷകാഹാരം നൽകുന്നതിനും വൈദ്യ സഹായം നൽകുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നീക്കിവെച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. 1) പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം: പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ |

| | | | |
|---|---|---|---|
| | | | താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ 'നമത് വെള്ളാമെ' എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതി പ്രകാരം 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിയ്ക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് പ്രയോജനം ലഭിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 204.19 ലക്ഷം രൂപയും ഈ സർക്കാരിന്റെ കാലത്ത് 78.21 ലക്ഷം രൂപയും ഈ പദ്ധതിയ്ക്കായി അനുവദിച്ചു. 2. കമ്മ്യൂണിറ്റി കിച്ചൺ അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2596 ലക്ഷം രൂപയും ഈ സർക്കാരിന്റെ കാലത്ത് 333.85 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ വയനാട് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്ക് 567.47 ലക്ഷം രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടുംബശ്രീയ്ക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## **അനുബന്ധം**

| വർഷം | ഫുഡ് സപ്പോർട്ട് പദ്ധതി | | സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി | | ജനനി ജന്മരക്ഷാ പദ്ധതി | |
|---|---|---|---|---|---|---|
| | നീക്കി വെച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | നീക്കി വെച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | നീക്കി വെച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| 2016-17 | 2500 | 1712.10 | 1500 | 1508.35 | 1000 | 981.66 |
| 2017-18 | 2500 | 2497.33 | 2000 | 2458.42 | 1500 | 1268.39 |
| 2018-19 | 2500 | 2481.37 | 2439 | 2528.15 | 1650 | 1480.32 |
| 2019-20 | 2500 | 1775.10 | 2500 | 1690.53 | 1650 | 1368.50 |
| 2020-21 | 2500 | 2599.86 | 2500 | 2373.94 | 1650 | 1648.93 |
| 2021-22 | 2500 | 1995.14 | 2500 | 1706.18 | 2650 | 2495.55 |

17/3/22

സെക്ഷൻ ഓഫീസർ